

വേങ്ങേരി
ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

പി.ഒ വേങ്ങേരി, കോഴിക്കോട് -10
PH : 9447166425, 0495 2375233, 9072166425



ശ്രീകോവിൽ പുനർനിർമ്മാണം


ഓം ശ്രീ സുബ്രഹ്മണ്യായ നമഃ






















ശ്രീകോവിൽ പുനർനിർമ്മാണം

ഓം
സ്കന്ദായ കാർത്തികേയായ
പാർവ്വതി നന്ദനായച
മഹാദേവ കുമാരായ
സുബ്രഹ്മണ്യായ തേ നമഃ

ഭക്തജനങ്ങളെ,

കോഴിക്കോട് ജില്ലയിൽ വേങ്ങേരി തണ്ണീർപന്തലിനു സമീപം 36 തൃപ്പടികൾക്ക് മുകളിൽ കിഴക്കോട്ട് ദർശനമായി നിലകൊള്ളുന്ന വേങ്ങേരി ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം പുരാതന പാരമ്പര്യവും ആത്മീയ ചൈതന്യവും സംഗമിക്കുന്ന അനേകം ഭക്തജനങ്ങളുടെ വിശ്വാസ കേന്ദ്രമാണ്. പരദേശി ബ്രാഹ്മണരാൽ പ്രതിഷ്ഠിക്കപ്പെട്ടു എന്നു കരുതുന്ന ഈ ക്ഷേത്രം വേങ്ങേരി എന്ന ദേശനാമവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ചൈതന്യം തുളുമ്പുന്ന ബാലസുബ്രഹ്മണ്യസ്വാമി വിഗ്രഹം പ്രതിഷ്ഠിക്കുവാൻ ഉചിതമായ പുണ്യഭൂമി തേടി സഞ്ചരിച്ചിരുന്ന പരദേശി ബ്രാഹ്മണർ ഇപ്പോൾ ക്ഷേത്രം നിൽക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ അവിടെ ഉണ്ടായിരുന്ന വേങ്ങമരത്തിന്റെ ചുവട്ടിൽ വിഗ്രഹം ചാരി വെച്ച് വിശ്രമിക്കുകയും താഴെ കൂടി ഒഴുകുന്ന പുഴയിൽ പോയി കുളിച്ചു വന്ന് യാത്ര തുടരാൻ ഒരുങ്ങിയപ്പോൾ വിഗ്രഹം എടുക്കാൻ പറ്റാത്ത നിലയിൽ ഉറച്ചു പോയതായി കണ്ടു. ദേവന് ഇഷ്ടപ്പെട്ട സ്ഥലം ഇതുതന്നെയാണെന്ന് മനസ്സിലാക്കിയ ബ്രാഹ്മണർ ഈ പുണ്യഭൂമിയിൽ ക്ഷേത്രം നിർമ്മിച്ച് പ്രതിഷ്ഠ നിർവ്വഹിച്ചു. വേങ്ങമരത്തിൽ ചാരി വെച്ച വിഗ്രഹം പ്രതിഷ്ഠിച്ച ക്ഷേത്രമായതിനാൽ ആദ്യം വേങ്ങചാരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം എന്ന് അറിയപ്പെട്ടു. കാലക്രമേണ വേങ്ങചാരി ലോപിച്ച് വേങ്ങേരി എന്നായി മാറുകയും അത് ദേശനാമമായി പ്രചാരത്തിലാകുകയും ചെയ്തു എന്നാണ് ഐതിഹ്യം. ക്ഷേത്രം - ദേശ ക്ഷേത്രമായും ശ്രീ സുബ്രഹ്മണ്യസ്വാമി ദേശദേവനായും കരുതപ്പെടുന്നു. ക്ഷേത്രം വേങ്ങേരി അമ്പലം എന്നും അറിയപ്പെടുന്നു. സ്ഥലനാമ ഐതിഹ്യം അന്വർത്ഥമാക്കുമാറ് വേങ്ങമരങ്ങൾ ഇപ്പോഴും ക്ഷേത്ര മതിലകത്ത് കാണാവുന്നതാണ്.



നൂറ്റാണ്ടുകളായി സാഘോഷം ഉത്സവങ്ങളും ആചാരാനുഷ്ഠാനങ്ങളും നടന്നു വന്നിരുന്ന മഹാക്ഷേത്രമായിരുന്നു ഇത്. ആനക്ക് കടന്നു പോകാൻ കഴിയുന്ന വിശാലമായ ഗോപുരവാതിലിന്റെ ശേഷിപ്പുകൾ പഴയ പ്രൗഢിയുടെ നേർ സാക്ഷ്യങ്ങളാണ്.

കാലത്തിന്റെ പ്രവാഹത്തിൽ മറ്റു ചില ക്ഷേത്രങ്ങൾക്ക് സംഭവിച്ചതുപോലെ പൂജകൾ നിലയ്ക്കുകയും ക്ഷേത്രം കാടുകയറി ആരും തിരിഞ്ഞുനോക്കാനില്ലാതെ വിഗ്രഹം പോലും നഷ്ടപ്പെട്ട അവസ്ഥയിലായി എങ്കിലും ദേവ ചൈതന്യത്തിന് മങ്ങലേൽക്കാതെ വർഷങ്ങളോളം നിലകൊണ്ടു. കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചുകൊണ്ട് ആ ദേവസാന്നിദ്ധ്യം ജ്വലിച്ചുനിന്നു. 1990 ആഗസ്ത് മാസം 15ന് നല്ലവരും ഭക്തരും സുമനസ്സുകളുമായ പരിസരവാസികളുടെ നേതൃത്വത്തിൽ ക്ഷേത്രക്ഷേമസമിതി രൂപീകരിച്ച് പുനരുദ്ധാരണ ശ്രമം ആരംഭിച്ചു. ഊരാളന്മാരായ മാച്ചമാടത്ത് മൂസ്സതുമാരിൽ നിന്നും ക്ഷേത്രഭൂമി ഏറ്റെടുത്ത്, സ്വർണ്ണപ്രശ്നവും പരിഹാരക്രിയകളും നിർവ്വഹിച്ച് ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ ഏകദേശം പത്ത് വർഷംകൊണ്ട് ശ്രീ കോവിൽ, ചുറ്റമ്പലം, കിണർ, തൃപ്പടികൾ എന്നിവ നിർമ്മിച്ചു. ചുറ്റമ്പലത്തിനകത്ത് ഗണപതി, ഭഗവതി ക്ഷേത്രങ്ങളും നിർമ്മിച്ചു. 2000 ഫിബ്രുവരി 6ന് മകരമാസത്തിലെ അവിട്ടം നക്ഷത്രത്തിൽ പ്രതിഷ്ഠാകർമം ഭംഗിയായി നിർവ്വഹിച്ച് ക്ഷേത്രത്തിന് വീണ്ടും പൂർണ്ണചൈതന്യം കൈവന്നു. 2005 മുതൽ എല്ലാ വർഷവും മകരമാസത്തിലെ അവിട്ടം നക്ഷത്രത്തിൽ കൊടിയേറ്റത്തോടെ ആരംഭിക്കുന്ന മഹോത്സവം, ഉത്സവബലി, പള്ളിവേട്ട ആറാട്ട് സമീപത്തെ ശിവങ്കൽ ക്ഷേത്രത്തിൽ കൂടിപൂജ എന്നിവ ഉൾപ്പെടെ എല്ലാ താന്ത്രിക ക്രിയകളോടെയും ആഘോഷ വരവുകൾ, ആചാര്യ സംഗമം ആദ്ധ്യാത്മിക പരിപാടികൾ, കലാപരിപാടികൾ എന്നിവയോടെയും ഏഴു ദിവസങ്ങളിലായി അനേകം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഭംഗിയായി നടന്നു വരുന്നു.

ക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്ത് 19.25 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി ശരവണമന്ദിര ഹാൾ, ശാന്തിമഠം, കുഴൽകിണർ എന്നിവ നിർമ്മിച്ചു. ഇതോടെ ക്ഷേത്രത്തിന്റെ ഭൗതിക സൗകര്യങ്ങൾ വിപുലപ്പെടുകയും ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായ അന്തരീക്ഷം ഒരുക്കപ്പെടുകയും ചെയ്തു. 2014ൽ ഉപദേവക്ഷേത്രം നിർമ്മിച്ച് ശാസ്താ പ്രതിഷ്ഠയും നാഗപ്രതിഷ്ഠയും നടത്തി, ക്ഷേത്രത്തിലെ ആരാധനാ ക്രമങ്ങൾ കൂടുതൽ സമ്പുഷ്ടമാക്കി.




ഉത്സവങ്ങൾക്കും ആഘോഷ വരവുകൾക്കും ആനയെ എഴുന്നെള്ളിക്കുന്നത് ഉചിതമല്ലെന്നും അപകടകരമാണെന്നുമുള്ള തിരിച്ചറിവിൽ ഉത്സവത്തിന് ആനയെ എഴുന്നെള്ളിക്കുന്ന രീതി ഒഴിവാക്കി പകരം രഥം ഉപയോഗിക്കുന്ന രീതി സ്വീകരിച്ചു. തുടക്കത്തിൽ താല്കാലിക രഥമാണ് ഉപയോഗിച്ചതെങ്കിലും പിന്നീട് 2018 മുതൽ പ്രത്യേകമായി തച്ചുശാസ്ത്രവിധി പ്രകാരം നിർമ്മിച്ച ദേവരഥമാണ് ഭഗവാന്റെ എഴുന്നെള്ളിപ്പിനായി ഉപയോഗിച്ചു വരുന്നത്. ക്ഷേത്രത്തിലെ ശീവേലി, പള്ളിവേട്ട, ആറാട്ട്, എന്നീ ഉത്സവ ചടങ്ങുകൾക്ക് ദേവരഥം ഉപയോഗിച്ചുവരുന്നു. താല്ക്കാലികമായി നിർമ്മിച്ചിരുന്ന രഥം മോടിപിടിപ്പിച്ച് ക്ഷേത്രത്തിലെ ആഘോഷവരവുകൾക്കും മറ്റു പല ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും ഉപയോഗിച്ചു വരുന്നു. ദേശകാലങ്ങൾക്കനുസരിച്ച് ചരിത്രപരമായ പരിവർത്തനത്തിനു തുടക്കം കുറിച്ച ഈ രീതി ഏറെ പ്രശംസിക്കപ്പെടുകയും പലക്ഷേത്രങ്ങളും മാതൃകയാക്കി നടപ്പാക്കി വരികയും ചെയ്യുന്നു. ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ട് 2021ൽ നവീകരണ കലശവും കൊടിമര പ്രതിഷ്ഠയും നിർവ്വഹിച്ചു. തുടർന്ന് 2023ൽ പ്രൗഢഗംഭീരമായ ആനക്കൊട്ടിൽ നിർമ്മിക്കുകയും 2025ൽ ക്ഷേത്രത്തിന് ചുറ്റുവിളക്ക് സ്ഥാപിക്കുകയും ചെയ്തു. ഇതോടെ ക്ഷേത്രത്തിന്റെ ആദ്ധ്യാത്മിക ഭംഗിയും പാരമ്പര്യ പ്രൗഢിയും കൂടുതൽ മികവുറ്റതാക്കപ്പെട്ടു.

ക്ഷേത്ര പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും ക്ഷേത്രക്ഷേമസമിതി ശ്രദ്ധിച്ചു വരുന്നു. 2012 മുതൽ സാമൂഹ്യ ക്ഷേമ സമിതിയും ക്ഷേമഫണ്ടും രൂപീകരിച്ച് സമൂഹത്തിലെ അവശരും, നിർദ്ധനരും നിരാംലംബരുമായ വ്യക്തികൾക്കും രോഗികൾക്കും സാമ്പത്തിക സഹായവും, പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സഹായങ്ങളും നൽകി വരുന്നു. യാദൃശ്ചികമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിലും അപകടങ്ങളിലും യഥാസമയം ഇടപെട്ട് ആവശ്യമായ സഹായങ്ങളും നൽകി വരുന്നു. ക്ഷേത്രം ആരാധനാകേന്ദ്രം മാത്രമല്ല കരുണയുടെയും സേവനത്തിന്റെയും സാന്ത്വനകേന്ദ്രം കൂടിയാണെന്ന തത്വം ഉൾക്കൊണ്ട് പ്രവർത്തിച്ചു വരുന്നു. വളർന്നു വരുന്ന തലമുറയ്ക്ക് ധാർമിക ബോധവും സനാതന ധർമ്മത്തെ കുറിച്ചുള്ള വ്യക്തമായ ധാരണയും അറിവും പകർന്നു നൽകുക എന്ന ഉദ്ദേശത്തോടുകൂടി ക്ഷേത്ര ഏകോപന സമിതിയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി സനാതന ധർമ്മ പാഠശാലയും നടന്നു വരുന്നു.

ശ്രീകോവിൽ പുനർനിർമ്മാണം

1990 കളിൽ ക്ഷേത്രപുനർനിർമ്മാണം നടത്തിയപ്പോൾ അന്നത്തെ സാഹചര്യവും സാമ്പത്തിക സ്ഥിതിയും അനുസരിച്ച് ശ്രീകോവിൽ മേൽക്കൂര കോൺക്രീറ്റിലായിരുന്നു നിർമ്മിച്ചിരുന്നത്. കാലപഴക്കത്താൽ കോൺക്രീറ്റിന് സ്വാഭാവികമായ കേടുപാടുകൾ സംഭവിച്ചതായി ഈ അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടു. പ്രസിദ്ധ ക്ഷേത്രശില്പി ബ്രഹ്മശ്രീ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാടുമായി ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ശ്രീകോവിലിന്റെ കോൺക്രീറ്റ് മേൽക്കൂര പൊളിച്ചുമാറ്റി ഗർഭഗൃഹം ഉയർത്തി രണ്ടു നിലയിലാക്കുവാനും, മരത്തിൽ പാരമ്പര്യ ക്ഷേത്ര ശില്പ ശാസ്ത്രവിധികൾ അനുസരിച്ച് ഉത്തമ ക്ഷേത്ര നിർമ്മാണ രീതിയിൽ പ്രൗഢഗംഭീരമാക്കി പുതുക്കി പണിത് ചെമ്പു തകിട് പതിക്കുന്നതിനും തീരുമാനിക്കപ്പെട്ടു. പ്രവൃത്തി അടിയന്തിര സ്വഭാവത്തിൽ ചെയ്തു തീർക്കണമെന്നും നിർദ്ദേശമുണ്ടായി. ഈ നവീകരണ പ്രവർത്തനങ്ങൾ ക്ഷേത്രത്തിനും നാടിനും ഭക്ത ജനങ്ങൾക്കും ശ്രേയസ്കര മാണെന്ന് ദേവഹിതത്താൽ തെളിഞ്ഞിട്ടുമുണ്ട്. ബ്രഹ്മശ്രീ കാണിപ്പയ്യൂർ മകൻ കൃഷ്ണൻ നമ്പൂതരിപ്പാട് ക്ഷേത്രത്തിൽ നേരിട്ടെത്തി സൂക്ഷ്മപരിശോധന നടത്തി പുതുതായി നിർമ്മിക്കേണ്ട ശ്രീ കോവിലിന്റെ രൂപരേഖയും കൈകണക്കു കളും തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തി കൾക്ക് ഏകദേശം 1 കോടി രൂപയോളം വേണ്ടി വരുമെന്നാണ് കണക്കാ ക്കപ്പെടുന്നത്



മനുഷ്യ ജന്മത്തിൽ അത്യപൂർവ്വമായി ലഭിക്കുന്ന സുകൃതമാണ് ദേശദേവന്റെ ശ്രീകോവിൽ നിർമ്മാണത്തിൽ പങ്കാളിത്തം ലഭിക്കുക എന്നുള്ളത്. നമ്മുടെയും പൂർവ്വികരുടെയും ജന്മാന്തരപുണ്യം കൊണ്ട് ഈ അവസരം നമുക്ക് കൈവന്നിരിക്കുകയാണ്. ഈ മഹത്തായ നവീകരണ യജ്ഞത്തിൽ സർവ്വാത്മനാ സഹകരിച്ചുകൊണ്ട് പങ്കാളി കളാകുവാനും ശ്രീ സുബ്രഹ്മണ്യസ്വാമിയുടെ വിശേഷാ നുഗ്രഹത്തിന് പാത്രീഭൂതരാകുവാനും ഭക്ത്യാദരപൂർവ്വം അഭർത്ഥിക്കുന്നു.

ക്ഷേത്ര കമ്മറ്റി

പ്രസിഡണ്ട്
വേണുഗോപാലൻ കെ

സെക്രട്ടറി
രമേഷ്കുമാർ കെ

നിർമ്മാണ കമ്മറ്റി

ചെയർമാൻ
ആർ.രാജഗോപാലകൃഷ്ണൻ

കൺവീനർ
ജയകൃഷ്ണൻ കെ

ഖജാൻജി
അനിൽപൊക്കിരാത്ത്

ശ്രീകോവിൽ പുനർനിർമ്മാണം

നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ
സാധനസാമഗ്രികളുടെ പട്ടിക താഴെ ചേർക്കുന്നു.
ഭക്തർക്ക് പ്രാർത്ഥനയോടെ സമർപ്പിക്കാവുന്നതാണ്.

മുകൾ ഭാഗം			
	ഒന്നിന്	എണ്ണം	തുക
ഉത്തരം	₹ 20,000	4	80,000
അടുക്കുത്തരം	10,000	4	40,000
മൂലകഴുക്കേൽ	12,500	4	50,000
കഴുക്കോൽ	12,500	16	2,00,000
കൂടം	15,000		15,000
വാമട	10,000	4	40,000
എടപ്പലക	5000	4	20,000
തൂവാന പലക	10,000	4	40,000
വള	40,000		40,000
പലക	1,000	300 Ft	3,00,000
ചെമ്പ് തകിട്	2,000	500 Ft	10,00,000
താഴെ ഭാഗം			
ഉത്തരം	₹ 50,000	4	2,00,000
അടുക്കുത്തരം	15,000	4	60,000
മൂലക്കഴുക്കോൽ	10,000	4	40,000
കഴുക്കോൽ	10,000	24	2,40,000
കഴുക്കോൽ	10,000	8	80,000
കഴുക്കോൽ	7,500	8	60,000
കഴുക്കോൽ	5,000	8	40,000
കഴുക്കോൽ	2,500	8	20,000
വാമട	10,000	4	40,000
എടപ്പലക	10,000	4	40,000
തൂവാന പലക	20,000	4	80,000
പലക	1,000	1100 Ft	11,00,000
ചെമ്പ് തകിട്	2,000	1800 Ft	36,00,000
കരിങ്കൽ പ്രവൃത്തി ദ്വാരപാലകശില്പം ഉൾപ്പെടെ			10,00,000
ചെങ്കൽ പ്രവൃത്തി			5,00,000



സംഭാവന അയക്കേണ്ട വിലാസം


കൺവീനർ
വേങ്ങേരി ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്ര
ശ്രീകോവിൽ നിർമ്മാണ കമ്മറ്റി
പി.ഒ വേങ്ങേരി, കോഴിക്കോട് -673010
A/C No : 40194101071917
IFSC - KLGB0040194

9447 166 425
vengeritemple@gmail.com



വേങ്ങേരി
ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

പി.ഒ വേങ്ങേരി, കോഴിക്കോട് -10
PH : 9447166425, 0495 2375233



ശ്രീകോവിൽ പുനർനിർമ്മാണം